LIBRARY ARCHIVES Kerala Legislative Assembly

എന്ന്. ശ്രീ. വി. ശിവൻകുട്ടിക്കെതിരായ കുറ്റപത്രം റദ്ദാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് സർക്കാർ കോടതിയിൽ പോയെങ്കിലും വിചാരണ കോടതിയും ഹൈക്കോടതിയും സുപ്രീംകോടതിയും അത് തള്ളുകയുണ്ടായി. വിചാരണയ്ക്ക് വിധേയനായി പ്രതിക്കൂട്ടിൽ കയ്യുംകെട്ടി നിൽക്കേണ്ട കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ സംരക്ഷിക്കാനുള്ള നിലപാടിനെതിരെ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. അദ്ദേഹം രാജിവയ്ക്കണമെന്നുള്ള നിലപാടിൽ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്.

(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു. ചോദ്യകർത്താക്കൾ 181-ാം നമ്പർ ചോദ്യം ചോദിക്കാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 182-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 197-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് ഉത്തരം പറയാവുന്നതാണ്.

പട്ടികഗോത്ര-പട്ടികജാതി വിഭാഗങ്ങൾക്ക് ആധുനിക വിദ്യാഭ്യാസം

1 (*182) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികഗോത്രങ്ങളിലും പട്ടികജാതികളിലും പെട്ടവരെ വികസന മുഖ്യധാരയിലെത്തിക്കുന്നതിനുള്ള മുന്നുപാധിയായ മികച്ച ആധുനിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷാ പരിശീലനത്തിനായി ഇവർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനും പഠന നിലവാരം ഉയർത്താനും പ്രത്യേകം പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) സംസ്ഥാനത്ത് പട്ടികഗോത്ര വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരെ വികസന മുഖ്യധാരയിലെത്തിക്കുന്നതിനുള്ള മുന്നുപാധിയായി ആധുനിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി Model Residential School-കൾ സ്ഥാപിച്ചിട്ടുണ്ട്. (...ബഹളം...)

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ്. ചോദ്യോത്തരവേളയിൽ ദയവായി സഹകരിക്കണം. പ്രതിപക്ഷനേതാവിന് അവസരം കൊടുത്തു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള ക്ലേശ ഘടകങ്ങൾ ഒഴിവാക്കുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് ഉന്നത പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസാനുകൂല്യങ്ങളും സ്കോളർഷിപ്പുകളും നൽകുന്നു. ഇതോടൊപ്പംതന്നെ നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പിലാക്കി തൊഴിൽ ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിൽനിന്നും താഴെപ്പറയുന്ന പദ്ധതികൾ ഇവർക്കായി നടപ്പിലാക്കുന്നു.

1. പ്ലസ് ടു പഠനത്തിനോടൊപ്പമുള്ള 2 വർഷത്തെ എൻട്രൻസ് കോച്ചിംഗ്.

2. പ്ലസ് ടു പഠനത്തിനുശേഷമുള്ള എൻട്രൻസ് കോച്ചിംഗ്.

പട്ടികവർഗ്ഗ വികസന വകുപ്പ് പ്ലസ് ടു സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ പ്ലസ് ടു കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടുനിൽക്കുന്ന ഒരു റിപ്പീറ്റിംഗ് കോഴ്സ് എന്നിവ നടത്തുന്നു.

(സി) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനുമായി എഞ്ചിനീയറിംഗ് കോഴ്സിന് പരാജയപ്പെടുന്ന വിദ്യാർത്ഥികൾക്കും പഠനം പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ അനുബന്ധ സ്ഥാപനമായ മോഡൽ ഫിനിഷിംഗ് സ്കൂളും ചേർന്ന് "സമുന്നതി" (Remedial coaching) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ പഠന നിലവാരം ഉയർത്തുന്നതിന് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും നൽകിവരുന്നു. ...(ബഹളം)...

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം

നക്ഷത്രചിഹ്നമിട്ട 1(182)-ാം നമ്പർ ചോദ്യത്തിന്റെ (എ) പിരിവിന്റെ ഉത്തരത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി അനുബന്ധമായി നൽകിയ മറുപടി

1. സാമൂഹ്യപഠനമുറി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി.

2. ഗോത്രബന്ധു

സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു.

3. സമഗ്ര ആദിവാസി സാക്ഷരത പദ്ധതി

4. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം

5. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

6. സ്കോളർഷിപ്പുകൾ / ഗ്രാന്റുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു.

7. കേന്ദ്രാവിഷ്കൃത പദ്ധതി- കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഗ്രാന്റ് എന്നീ ഇനങ്ങളിൽ ധനസഹായം നൽകിവരുന്നു.

8. പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് സ്കീം

9. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലന പദ്ധതി.

10. ലാപ്ടോപ്പ് വിതരണം

11. വിദേശപഠനത്തിനുള്ള ധനസഹായം

12. നൈപുണ്യ വികസന പദ്ധതി

13. കരിയർ ഗൈഡൻസ് ജോബ് ഫെയർ

LIBRARY ARCHIVES Kerala Legislative Assembly

14. സെന്റർ ഫോർ സ്കിൽ എക്സലൻസ് (തിരുവനന്തപുരം) എന്ന സ്ഥാപനം മുഖേന പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഇൻഫർമേഷൻ ടെക്നോളജിയിൽ തൊഴിൽ പരിശീലനം നൽകിവരുന്നു.

സംസ്ഥാനത്തെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മികച്ച ആധുനിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
- MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം.
- മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം.
- ലാപ്ടോപ്പിനായുള്ള ധനസഹായം.
- ബുക്ക് ബാങ്ക് പദ്ധതി.
- വിദേശത്തും ഇതര സംസ്ഥാനങ്ങളിലും പഠിക്കുന്നവർക്കുള്ള പഠന സഹായം.
- മെഡിക്കൽ/എഞ്ചിനീയറിംഗ്/സിവിൽ സർവ്വീസ് എൻടൻസ് കോച്ചിംഗിനുള്ള സൗജന്യപരിശീലനം/ധനസഹായം.
- ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻസ് ട്രെയിനിംഗ് സൊസൈറ്റിയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ജേർണലിസം ഡിപ്ലോമ കോഴ്സ് നടത്തിവരുന്നു.
- സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നതിനായി 'ലക്ഷ്യ സ്കോളർഷിപ്പ്' എന്ന പേരിൽ ഒരു പദ്ധതി 2019-20 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.
- മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രാരംഭ പരീക്ഷയിലെ ആദ്യ റാങ്ക് ജേതാക്കൾക്കുള്ള സ്വർണ്ണ മെഡൽ.
- സ്വാശ്രയ സ്ഥാപനത്തിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം.

LIBRARY ARCHIVES Kerala Legislative Assembly